മണിലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയോ, കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന പോലീസ് വകുപ്പും വാണിജ്യ നികുതി വകുപ്പും കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലൈസൻസ് ഇല്ലാതെ മണിലെൻഡിംഗ് പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ മണിലെൻഡിംഗ് നിയമത്തിന്റെ കീഴിൽ നടപടികൾ സ്വീകരിക്കുവാനായി ലൈസൻസിംഗ് അതോറിറ്റിയായ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ മണിലെൻഡിംഗ് പ്രവർത്തനങ്ങൾ നടത്തിയാൽ തടവുശിക്ഷയും പിഴയും നൽകുന്നതിന് മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 17-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തദനുസരണമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നതായി ബോധ്യപ്പെട്ടാൽ സെക്ഷൻ 18 ഡി (1) പ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുന്നതിനും പിഴ ചുമത്തുന്നതിനും കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ച തുക

128 (468) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുക എത്രയെന്നും അതിൽ എയ്ഡഡ് മേഖലയ്ക്ക് വേണ്ടി മാത്രം ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയെന്നും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം എയ്ഡഡ് മേഖലയിൽ എയ്ഡഡ് സ്കൂളുകളും പ്ലസ് ടു സ്കൂളുകളും ബാച്ചുകളും മറ്റും അനുവദിച്ച ഇനത്തിൽ പ്രതീക്ഷിക്കുന്ന അധിക ചെലവ് എത്ര കോടിയാണ് ;

(ഡി) സംസ്ഥാനത്ത് ഹൈസ്കൂൾ തലം വരെയുള്ള സംരക്ഷിത അദ്ധ്യാപകർക്ക് തന്നാണ്ടിൽ എത്ര കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കി വിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുക 8945.17 കോടി രൂപയാണ്. അതിൽ എയ്ഡഡ് മേഖലയ്ക്ക് വേണ്ടി മാത്രം ചെലവഴിച്ച തുക 4977.99 കോടി രൂപയാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവായ 10331.06 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(സി) വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം എയ്ഡഡ് മേഖലയിൽ പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇനത്തിൽ പ്രതീക്ഷിക്കുന്ന അധിക ചെലവ് 148.89 കോടി രൂപയാണ്.

(ഡി) വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം ഹൈസ്കൂൾതലം വരെയുള്ള സംരക്ഷിത അദ്ധ്യാപകർക്ക് തന്നാണ്ടിൽ വരുന്ന ചെലവ് 106.32 കോടി രൂപയാണ്.

സംസ്ഥാനത്തിന് കിട്ടുന്ന സാമ്പത്തിക സഹായം

129 (469) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഫിനാൻസ് കമ്മീഷൻവഴി സംസ്ഥാനത്തിന് കിട്ടുന്ന സാമ്പത്തിക സഹായം എത്ര കോടി ആയിരിക്കും ;

(ബി) ഗാഡ്ഗിൽ മുഖർജി ഫോർമുല പ്രകാരം പ്ലാനിംഗ് കമ്മീഷൻവഴി ലഭിക്കുന്ന സഹായം എത്രകോടിയായിരിക്കും ;

(സി) സെൻട്രൽ സ്പോൺസേർഡ് സ്കീമിൽ ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയായിരിക്കും ;

(ഡി) മേൽപ്പറഞ്ഞവ മൂന്നിലും ഇതിനകം എത്ര തുക വീതം ലഭിച്ചിട്ടുണ്ട് ?

(ഇ) ഇവയൊന്നും ലഭിക്കുന്നതിലേക്ക് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇതിനു പുറമേ സംസ്ഥാനം പ്രത്യേകമായി